# കേരള സർവകലാശാല

നം.പി.ആർ.88/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

2019 മേയിൽ ആരംഭിക്കുന്ന എം.സി.എ (2011 സ്കീം - 2011 അഡ്മിഷൻ മാത്രം) ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ (2011 & 2012 അഡ്മിഷൻ മാത്രം) മേഴ്സി ചാൻസ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ. 2019 ഏപ്രിൽ 12 ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.സി.എ (2011 സ്കീം - 2013 & 2014 അഡ്മിഷൻ മാത്രം) സപ്ലിമെന്ററി പരീക്ഷകൾ മേൽപ്പറഞ്ഞ മൂന്നാം സെമസ്റ്റർ മേഴ്സി ചാൻസ് പരീക്ഷകളോടൊപ്പം നടത്തുന്നതാണ്.

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയം, വൈവാ വോസി എന്നിവ മേയ് 2 മുതൽ 6 വരെ അതത് കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയം, വൈവാ വോസി എന്നിവ മേയ് 2 ന് മദർതെരേസ കോളേജിലും 3 ന് സെന്റ് സേവ്യേഴ്സ് കോളേജിലും നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 മേയ്, ജൂണിൽ നടത്തുന്ന ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങൾ) സപ്ലിമെന്ററി ആന്വൽ സ്കീം ന്യൂ സ്കീം (2013, 2014 അഡ്മിഷൻ) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എസ്.ഡബ്ല്യൂ (315) ന്റെ മേജർ പ്രോജക്ട് ആന്റ് വൈവാ വോസി പരീക്ഷ ഏപ്രിൽ 30 മുതൽ അതത് പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി. എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിന്റെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് മേജർ പ്രോജക്ട് ആന്റ് വൈവാ വോസി പരീക്ഷ മേയ് 9 ന് അതത് പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജനുവരിയിൽ നടന്ന ഏഴാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

## ശില്പശാല നടത്തി

സേവനാവകാശ നിയമം രൂപീകരിക്കുന്നതിനായി സർവകലാശാല ആസ്ഥാനത്ത് നടന്ന ശില്പശാല ഐ.ക്യു.എ.സി ഡയറക്ടർ പ്രൊഫ.ഗബ്രിയേൽ സൈമൺ തട്ടിൽ ഉദ്ഘാടനം ചെയ്തു. സർവകലാശാല നൽകുന്ന വിവിധ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ വിവിധ വിഭാഗങ്ങളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ ശില്പ ശാലയിൽ അവതരിപ്പിച്ചു. ശില്പശാലയുടെ കോ-ഓർഡിനേറ്റർ പ്രൊഫ. ജോസഫ് ആന്റണി അദ്ധ്യക്ഷത വഹിച്ചു.

## അപേക്ഷ ക്ഷണിക്കുന്നു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (പാർട്ട് ടൈം സായാഹ്ന കോഴ്സ്) ക്ലാസുകൾ ജൂൺ 14 ന് ആരംഭിക്കുന്നതാണ്. അംഗീകൃത സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. സർവകലാശാല ക്യാഷ് കൗണ്ടറിൽ 30 രൂപ ചെല്ലാൻ അടച്ചശേഷം ഏപ്രിൽ 29 മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നിന്നും അപേക്ഷാഫോം വാങ്ങാവുന്നതാണ്. മേയ് 22 ന് രാവിലെ 10 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വെച്ച് നടത്തുന്ന പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന മാർക്കിനെ അടിസ്ഥാനമാക്കിയാണ് കോഴ്സിലേയ്ക്കുള്ള പ്രവേശനം. അപേക്ഷ കൾ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 6.

തിരുവനന്തപുരം,
26-04-2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**